LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തിക്കൊണ്ട് ഡീപ് പെനിട്രേറ്റിംഗ് റഡാർ പഠനം നടത്തി. രഹസ്യ നിർഗ്ഗമന കുഴലുകളൊന്നും കണ്ടെത്തിയില്ല. ഏലൂർ മേഖലയിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻവയോൺമെന്റ് സർവ്വേയലൻസ് സെന്റർ ഏലൂരിൽ സ്ഥാപിച്ച് പ്രവർത്തനം തുടരുന്നു.

ഏലൂർ ഇടയാർ ഉൾപ്പെടെ എറണാകുളം ജില്ലയുടെ പരിസ്ഥിതി ഗുണനിലവാരം നിരീക്ഷിക്കാൻ ആവശ്യമുള്ളപ്പോൾ നിയന്ത്രണ/നിവാരണ നടപടികൾ നിരീക്ഷിക്കാനും കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് പ്രൊഫസറായ ഡോ. ജി. മധു അദ്ധ്യക്ഷനായുള്ള ഒരു 11 അംഗ 'എറണാകുളം ജില്ലാ പരിസ്ഥിതി സമിതി' ബോർഡ് രൂപീകരിച്ചു. സമിതിയുടെ പ്രവർത്തനം നടന്നുവരുന്നു.

പെരിയാറിലെ നദീജല ഗുണനിലവാരം തുടർച്ചയായി പരിശോധന നടത്തി തിട്ടപ്പെടുത്താൻ കണ്ടിന്യുവസ് മോണിറ്ററിംഗ് സ്റ്റേഷൻ (Continuous monitoring station) സ്ഥാപിക്കാൻ നടപടി എടുത്തുവരുന്നു. അന്തരീക്ഷ വായു ഗുണനിലവാരം തുടർച്ചയായി പരിശോധന നടത്തി തിട്ടപ്പെടുത്താൻ ഏലൂരിൽ ഒരു Continous Ambient Air Quality Monitoring Station കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കാൻ നടപടിയെടുത്തുവരുന്നു.

(ഇ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത വകുപ്പിന്റെ കീഴിൽ പുതുതായി പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുകയും നിലവിലുള്ള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയെ പ്രസ്തുത ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറേറ്റായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

കോടതിക്കെതിരെയുള്ള വിമർശനങ്ങൾ തടയുന്നതിനുള്ള നടപടികൾ

27 (*327) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതിന്യായ കോടതികളെയും ന്യായാധിപന്മാരെയും അവഹേളിക്കാനും ആരോപണങ്ങളുന്നയിച്ച് ഭീഷണിപ്പെടുത്താനുമുള്ള ശ്രമങ്ങൾ അടുത്ത കാലത്ത് വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതിവിധികൾ അനുകൂലമാകുമ്പോൾ നിശബ്ദത പാലിക്കുകയും പ്രതികൂലമാകുമ്പോൾ കോടതികളെയും ന്യായാധിപന്മാരെയും വിമർശിക്കുകയും അവഹേളിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണതക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണഘടനാനുസൃത സ്ഥാപനങ്ങളായ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയുടെ സത്യസന്ധതയും പവനതയും സംരക്ഷിക്കുവാൻ ഓരോ സ്ഥാപനത്തിനും ചുമതലയുണ്ടെന്ന കാര്യം അംഗീകരിക്കുന്നുണ്ടോ ; എങ്കിൽ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കോടതികളുടെ അന്തസ്സിന് കോട്ടം സംഭവിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ;

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ-ഡി) നീതിന്യായ സ്ഥാപനങ്ങൾക്കും ന്യായാധിപൻമാർക്കും മുൻ ന്യായാധിപൻമാർക്കും ബന്ധുക്കൾക്കും എതിരെ പല കോണുകളിൽ നിന്നും പല രീതിയിലുള്ള പരാതികളും ആക്ഷേപങ്ങളും ആരോപണങ്ങളും പല വേദികളിലും ഉന്നയിക്കപ്പെടുന്നുണ്ട്. തെളിവുകളും പരാതികളും രേഖകളും ലഭിക്കുകയാണെങ്കിൽ ഉചിതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുവാൻ കഴിയും. മുൻ ചീഫ് ജസ്റ്റിസ് ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ മരുമകൻ ശ്രീ. ശ്രീനിജനെതിരെയുള്ള പരാതിയിൻമേൽ പോലീസ് സ്പെഷ്യൽ ബ്രാഞ്ചും വിജിലൻസ് വിഭാഗവും അന്വേഷണം നടത്തുന്നുണ്ട്. ശ്രീ. കെ. സുധാകരൻ എം. പി. ഉന്നയിച്ച ആരോപണങ്ങളിന്മേൽ ആൾ ഇന്ത്യാ ലായേഴ്സ് യൂണിയൻ സർക്കാരിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ 123/2011 ക്രൈം നമ്പരായി ഐ.പി.സി. 120, 202 വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ് കൺട്രോൾമെന്റ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷിച്ചുവരുന്നു.

ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് കെ. നാരായണക്കുറുപ്പ്, ജസ്റ്റിസ് തങ്കപ്പൻ എന്നിവർക്കെതിരെ ഉയർന്ന വിമർശനങ്ങളെക്കുറിച്ച് യുക്തമായ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് കത്തെഴുതിയിട്ടുണ്ട്.

കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ

28 (*328) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കുണ്ടറയിലെ ടെക്നോപാർക്കിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly